**നാം ദൈവത്തിലേക്ക് ജൈവികമായ് കൊണ്ടുവരപ്പെടണം**

**I. നാം ദൈവത്തിലേക്ക് വിശ്വസിക്കുകയും അതുവഴി ദൈവത്തിലേക്ക് പ്രവേശിക്കുകയും വേണം എന്നതാണ് യോഹന്നാൻ 14-ന്റെ കേന്ദ്ര ചിന്ത**

- ദൈവത്തിൽ വിശ്വസിക്കുന്നത് വസ്തുനിഷ്ഠമാണ്, എന്നാൽ ദൈവത്തിലേക്ക് വിശ്വസിക്കുന്നത് വ്യക്തിനിഷ്ഠമാണ്; വ്യക്തിനിഷ്ഠമായ വിശ്വാസമാണ് നമ്മെ ദൈവത്തിലേക്ക് കൊണ്ടുവരുന്നത്
- ക്രിസ്തുവിലേക്ക് വിശ്വസിക്കുന്നതിലൂടെ, നമുക്ക് അവനുമായി ഒരു ജൈവിക ഐക്യം ഉണ്ടായിരിക്കുകയും, നാം ഇരുവരും ഒന്നായിരിക്കത്തക്കവണ്ണം അവനിലേക്ക് നമ്മുടെ ആളത്തം ലയിപ്പിക്കപ്പെടുകയും ചെയ്യുന്നു

**പിതാവിന്റെ ഭവനം ക്രിസ്തുവിന്റെ ശരീരമായ സഭയും അനേകം വാസസ്ഥലങ്ങൾ ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളുമാണ്**

**II. പിതാവിന്റെ ഭവനം തന്റെ വാസസ്ഥലത്തിനും ആവിഷ്കാരത്തിനുമായി വിശ്വാസികളെ ഒരു ജൈവരൂപമായി കെട്ടുപണി ചെയ്യത്തക്കവണ്ണം അവരുമായി പൂർണമായി ഇഴുകിച്ചേരുന്നതിനായി—ജഡാവതാരം, ക്രൂശുമരണം, പുനരുത്ഥാനം എന്നിവയിലൂടെ—തന്നെത്തന്നെ അവരിലേക്ക് പണിതുചേർക്കുന്ന ത്രിയേക ദൈവത്തിന്റെ വിഷയമാണ്**

- 2:16-ലെ എന്റെ പിതാവിന്റെ ഭവനം ഭൂമിയിലെ ദൈവത്തിന്റെ വാസസ്ഥലമായ ആലയത്തെ സൂചിപ്പിക്കുന്നു
- 14:2-ലെ എന്റെ പിതാവിന്റെ ഭവനം ദൈവത്തിന്റെ ഭവനമായ സഭ എന്ന ക്രിസ്തുവിന്റെ ശരീരമാണ്
- ദിവ്യവും മാനുഷികവുമായ സംയോജനമാണ് പിതാവിന്റെ ഭവനം
- പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്
  - അനേകം വാസസ്ഥലങ്ങൾ ദൈവത്തിന്റെ ആലയമായ ക്രിസ്തുവിന്റെ ശരീരത്തിലെ അനേകം അവയവങ്ങളാണ്

- ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു എന്നതിനർഥം, കർത്താവ് തന്റെ മരണപുനരുത്ഥാനങ്ങളിലൂടെ അവൻ ദൈവമുമ്പാകെയും ദൈവത്തിലും നമുക്കായി ഒരു നില്പ് ഒരുക്കി; ഈ വിധത്തിൽ അവൻ നമുക്കായി ദൈവത്തിൽ ഒരു സ്ഥലം ഒരുക്കി. ഇപ്പോൾ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളിലൂടെ നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്ന സ്ഥലത്ത് നാം ജീവിക്കണം
- കർത്താവിന്റെ വരവ് ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവരുകയും, അവന്റെ പോക്ക് മനുഷ്യനെ ദൈവത്തിലേക്ക് കൊണ്ടുവരുകയും ചെയ്തു. ഈ പോക്കുവരവുകളിലൂടെ ദൈവത്തെ മനുഷ്യനിലേക്കും മനുഷ്യനെ ദൈവത്തിലേക്കും പണിതുകൊണ്ട് അവൻ ദൈവത്തിന്റെ ഭവനം പണിയുന്നു
- ആത്മാവിനോടുകൂടെ പിതാവും പുത്രനും വീണ്ടെടുക്കപ്പെട്ട വ്രതന്മരെ നിരന്തരം സന്ദർശിക്കുന്നതിലൂടെ പിതാവിന്റെ ഭവനം പണിയപ്പെടുന്നു
- പിതാവിന്റെ ഭവനം മൂന്ന് ഘട്ടങ്ങളിലാണ്: ദൈവത്തിന്റെ ജഡാവതാരത്തിന്റെ ഘട്ടവും, സഭയായി പണിയപ്പെടുന്നതിന് തന്റെ വിശ്വാസികളുമായുള്ള ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ഘട്ടവും, പുതിയ യെരൂശലേം എന്ന പരിണതിപ്രാപിച്ച ഘട്ടവും

**പിതാവ് സഭയുടെയും, സഭാജീവിതത്തിന്റെയും നിസ്തുലമായ ഉറവിടമാണ്**

**III. പിതാവിന്റെ ഭവനമായ സഭ, പിതാവായ ദൈവത്തിലാണ്**

- സഭ പിതാവായ ദൈവത്തിൽ ആയിരിക്കണമെങ്കിൽ, ദൈവം നമുക്ക് പിതാവായിത്തീരുകയും, നമുക്ക് അവനുമായി ഒരു ജീവ ബന്ധം ഉണ്ടായിരിക്കുകയും വേണം
  - പുതിയനിയമത്തിൽ പിതാവ് ജീവന്റെ ഉറവിടത്തെ സൂചിപ്പിക്കുന്നു
  - ദൈവം എന്ന അഭിധാനം സൃഷ്ടിപ്പിനെ പരാമർശിക്കുന്നു; പിതാവ് എന്ന അഭിധാനം ജീവന്റെ പകർച്ചയെയും പെരുക്കത്തെയും സൂചിപ്പിക്കുന്നു

- സഭ പിതാവായ ദൈവത്തിലായിരിക്കുന്നു എന്നതുകൊണ്ട് അർഥമാക്കുന്നത് സഭ നിസ്തുലമായ സ്രോതസ്സും, കാരണഭൂതനും, പ്രാരംഭകനുമായ ഒരുവനിലാകുന്നു എന്നാണ്
  - സഭാജീവിതത്തിൽ പിതാവ് നിസ്തുലമായ ഉറവിടമായിരിക്കുകയും, നാമെല്ലാവരും അവന്റെ നിസ്തുലമായ ഉദ്ദേശ്യത്തിലും പദ്ധതിയിലും ആയിരിക്കുകയും വേണം

**പിതാവിന്റെ ഭവനമായ സഭയിൽ പ്രായോഗികമായി ജീവിക്കുന്നത്**

**IV. പിതാവിന്റെ ഭവനമായ സഭയിൽ ജീവിക്കുന്നതിന്റെ അന്തഃസ്ഥിതമായ പ്രാധാന്യം നാം കാണേണ്ടതാവശ്യമാണ്**

**പിതാവിന്റെ ഭവനമായ സഭയിൽ ജീവിക്കുന്നത്**

- ജീവനായ ത്രിയേക ദൈവത്തിൽ ജീവിക്കുന്നതാണ്
- വെളിച്ചത്തിൽ ജീവിക്കുന്നതാണ്
- പുനരുത്ഥാനത്തിൽ ജീവിക്കുന്നതാണ്
- കൃപയിലും യാഥാർഥ്യത്തിലും ജീവിക്കുന്നതാണ്
- ദിവ്യ തേജസ്സിൽ ജീവിക്കുന്നതാണ്
- പ്രർഥനയുടെയും ആരാധനയുടെയും ഭവനത്തിൽ ജീവിക്കുന്നതാണ്
- മേയ്പിൻ ജീവിതം ജീവിക്കുന്നതാണ്
- ദൈവത്തിന്റെ കെട്ടിടത്തിലും കെട്ടിടത്തിനു വേണ്ടിയും ജീവിക്കുന്നതാണ്
- ഒരുമ കാക്കുന്നതിനുവേണ്ടി പരിണതിപ്രാപിച്ച ആത്മാവിന്റെ ദിവ്യവും മാർമികവുമായ മണ്ഡലത്തിൽ ജീവിക്കുന്നതാണ്
- ദിവ്യവും മാനുഷികവുമായ സംയോജനത്തിൽ ജീവിക്കുന്നതാണ്